# രോഗത്തെക്കാൾ മാരകമായ ചികിത്സ

‘**ഇസ്‌ലാം** ജാതിവിവേചനം അനുവദിക്കുന്നുണ്ടോ? ഞങ്ങൾക്കിത് അത്ഭുതകരമായി തോന്നുന്നു. മുസ്‌ലിംകൾ എന്നുമുതലാണ് ജാതിവിവേചനം തുടങ്ങിയത്?’ സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ബഹു. കെ.ജി. ബാലകൃഷ്ണന്റേതാണ് ചോദ്യം. ‘അഖില മഹാരാഷ്ട്ര മുസ്‌ലിം കട്ടേക്ക് സമാജം’ തങ്ങളെ പട്ടികജാതിയിൽ ഉൾപ്പെടുത്തി സർക്കാർ ഉദ്യോഗങ്ങളിൽ സംവരണമനുവദിക്കണമെന്നാവശ്യപ്പെട്ട് സുപ്രീംകോടതിയെ സമീപിച്ചതായിരുന്നു. മഹാരാഷ്ട്രയിൽ മാംസ വ്യാപാരം പാരമ്പര്യ തൊഴിലായി സ്വീകരിച്ചവരാണ് ‘കട്ടേക്കുകൾ.’ മുസ്‌ലിംകളിൽ ജാതീയതയുണ്ടെന്നും കട്ടേക്കുകളോട് ഇതര മുസ്‌ലിംകൾ വിവേചനപരമായി പെരുമാറുന്നുണ്ടെന്നും അവർ വാദിക്കുന്നു. ഈ ഹരജി ചീഫ് ജസ്റ്റിസിന്റെ നേതൃത്വത്തിലുള്ള ബെഞ്ചിനു മുമ്പിൽ വന്നപ്പോൾ ഖുർആൻ സൂക്തങ്ങൾ ഉദ്ധരിച്ചുകൊണ്ടാണ് ബഹു: ജസ്റ്റിസ് കെ.ജി ബാലകൃഷ്ണൻ പ്രതികരിച്ചതെന്ന് *ടൈംസ് ഓഫ് ഇന്ത്യ* (26.01.08) റിപ്പോർട്ടു ചെയ്തിരിക്കുന്നു. തന്റെ സംസ്ഥാനമായ കേരളത്തിൽ ജാതിവിവേചനമോ ഉച്ചനീചത്വമോ മുസ്‌ലിംകൾക്കിടയിലില്ലെന്നും ഉള്ളവനും ഇല്ലാത്തവനുമെന്ന പൊതു വ്യത്യാസമേയുള്ളൂവെന്നും അദ്ദേഹം പറയുകയുണ്ടായി.

രാജ്യത്ത് സംവരണ ചർച്ച ചൂടുപിടിക്കുമ്പോഴൊക്കെ മുസ്‌ലിം സമുദായത്തിലെ ജാതീയതയും വിഷയമാകാറുണ്ട്. പരസ്യമായല്ലെങ്കിൽ പരോക്ഷമായെങ്കിലും മുസ്‌ലിംകളിലും ജാതിവിവേചനമുണ്ടെന്ന് സ്ഥാപിക്കാൻ തൽപര കക്ഷികൾ വെമ്പൽ കൊള്ളുന്നു. സുന്നി-മുജാഹിദ്-ജമാഅത്ത്-തബ്‌ലീഗ് കൂട്ടായ്മകളെപ്പോലും മുസ്‌ലിംകളിലെ ജാതികളായി വിലയിരുത്തുന്നതും കാണാം. ഒരുവശത്ത് ഇസ്‌ലാമിൽ ജാതിവിവേചനമുണ്ടെന്ന് സ്ഥാപിക്കാൻ പാടുപെടുന്നവർ തന്നെ മറുവശത്ത് ഇസ്‌ലാമിൽ ജാതിയില്ലാത്തതിനാൽ മുസ്‌ലിംകൾ സംവരണത്തിനർഹരല്ല എന്നുവാദിക്കുന്ന വിചിത്രമായ കാഴ്ചയുമുണ്ട്. മതാടിസ്ഥാനത്തിലുള്ള സംവരണമാകട്ടെ മതേതരത്വത്തിനെതിരുമാണത്രെ. കടുത്ത അവശതയനുഭവിക്കുന്ന ചില മുസ്‌ലിം വിഭാഗങ്ങൾ തങ്ങളെ പട്ടികജാതിയിൽ പെടുത്തണമെന്ന് മുറവിളി കൂട്ടുന്നത് സ്വന്തം ജീവിതം മെച്ചപ്പെടുത്തണമെന്ന ആത്മാർഥമായ ആഗ്രഹം കൊണ്ട് തന്നെയാണ്. സംവരണാനുകൂല്യം അധഃസ്ഥിതർക്ക് നേരിയ ആശ്വാസം നൽകുമെന്നതിൽ തർക്കവുമില്ല. പക്ഷേ, സംവരണത്തിനുവേണ്ടി പട്ടികജാതിപ്പട്ടം നേടുന്നത് രോഗത്തെക്കാൾ മാരകമായ ചികിത്സയാകും. സ്വാതന്ത്ര്യ ലബ്ധിമുതൽ സംവരണം അനുഭവിച്ചുവരുന്ന പട്ടികജാതികൾ അരനൂറ്റാണ്ടു പിന്നിട്ടിട്ടും മേൽജാതിക്കാരുടെ കണ്ണെത്താവുന്ന അടുത്തെങ്ങും എത്തിയിട്ടില്ല. അൽപം ആലോചിച്ചാൽ ‘പട്ടികജാതി’ എന്ന മുദ്രതന്നെയാണ് അവരുടെ അധഃസ്ഥിതിയുടെയും അധഃകൃതാവസ്ഥയുടെയും അടിസ്ഥാന കാരണമെന്നും കാണാം. അവരാരും സംവരണത്തിനുവേണ്ടി പട്ടികജാതികളായതല്ല; പട്ടികജാതികളായതുകൊണ്ട് സംവരണത്തിനർഹരായതാണ്.

ഇന്ത്യൻ മുസ്‌ലിംകൾ പൊതുവിൽ സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നാക്കമാണ്. അവരിൽ ചില പ്രദേശക്കാരും വിഭാഗങ്ങളും പാരമ്പര്യമായി മറ്റുള്ളവരെക്കാൾ കൂടുതൽ അവശതയനുഭവിക്കുന്നുണ്ട്. പാരമ്പര്യമായി അവശതയനുഭവിക്കുന്നവർക്ക് അതിൽനിന്ന് കരകേറാൻ സംവരണത്തിന്റെ പിടിവള്ളി നൽകേണ്ടത് സർക്കാറിന്റെ ബാധ്യതയാണ്. അതിന് മ്ലേഛതയുടെയും നിന്ദ്യതയുടെയും ചിഹ്നങ്ങൾ സ്വയം എടുത്തണിയേണ്ടതില്ല. സംവരണത്തിനുവേണ്ടി പട്ടികജാതിയിൽ സ്ഥാനം തേടുന്നവർ ഒരിക്കലും മോചനമില്ലാത്ത അധമത്വം ഇരന്നുവാങ്ങുകയാണ്. മനുഷ്യമഹത്ത്വം ഉൽഘോഷിക്കുന്ന ഇസ്‌ലാമിക തത്ത്വങ്ങൾ ഉൾക്കൊണ്ട് ഉദ്ബുദ്ധരാവുകയാണ് മുസ്‌ലിം സമുദായത്തിന്റെ പുരോഗതിയിലേക്കുള്ള യഥാർഥ മാർഗം.

ബഹു: ചീഫ് ജസ്റ്റിസ് ഉന്നയിച്ച ഇസ്‌ലാം ജാതി വിവേചനം അനുവദിക്കുന്നുണ്ടോ എന്ന ചോദ്യം മർമ പ്രധാനമാണ്. അതിന് ‘അതെ’ എന്ന് മറുപടി പറയാൻ ആർക്കും കഴിയില്ല. മനുഷ്യരെല്ലാം ഒരേ മാതാപിതാക്കളുടെ മക്കളാണെന്നും അവർ വിവിധ ഗോത്രങ്ങളും സമുദായങ്ങളുമായി വിഭജിക്കപ്പെട്ടത് പരസ്പരം തിരിച്ചറിയാൻ വേണ്ടി മാത്രമാണെന്നും ഏറ്റം ധർമപ്രതിബദ്ധയുള്ളവരാരാണോ അവരാണ് ഏറ്റം ഉയർന്ന മനുഷ്യരെന്നും ഖുർആൻ അസന്ദിഗ്ധമായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. വർഗീയതയെ താൻ കാൽചുവട്ടിലിട്ട് ചവിട്ടിയരച്ചുകളഞ്ഞു എന്ന് അന്ത്യപ്രവാചകനും പ്രസ്താവിച്ചിരിക്കുന്നു. പക്ഷേ, ഇത്തരം പ്രമാണങ്ങളുടെ ചൈതന്യം പ്രായോഗിക ജീവിതത്തിൽ പ്രതിഫലിപ്പിക്കുന്നതിൽ ചില മുസ്‌ലിംകളെങ്കിലും അക്ഷന്തവ്യമായ വീഴ്ചവരുത്തുന്നുണ്ട് എന്നത് സത്യമാണ്. ഇസ്‌ലാമിലേക്കു വന്ന് തലമുറകൾ പിന്നിട്ടിട്ടും ചില പ്രദേശങ്ങളിലും വിഭാഗങ്ങളിലും പുരാതന ജാഹിലീ പാരമ്പര്യത്തിന്റെ അവശിഷ്ടങ്ങൾ നിലനിൽക്കുന്നുണ്ട്. പിന്നാക്ക അധഃസ്ഥിതരായി ഗണിക്കപ്പെടുന്നവർ സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പുരോഗതി കൈവരിക്കുന്ന മുറക്ക് പൊതുസമുദായത്തിൽ ലയിച്ചുകൊണ്ടിരിക്കുന്നുവെന്നതും പ്രസ്താവ്യമായ വസ്തുതയാണ്. അതിന്റെ വ്യക്തമായ ഉദാഹരണമാണ് കേരളം. ജാതിവിവേചനത്തിന്റെ ഭ്രാന്താലയമായിരുന്ന ഇവിടത്തെ നാനാജാതികളിൽനിന്നും പരിവർത്തനം ചെയ്തവരാണ് കേരളത്തിൽ ഒരൊറ്റ സമുദായമായി വർത്തിക്കുന്നത്. ബഹു: ചീഫ് ജസ്റ്റിസ് ചൂണ്ടിക്കാണിച്ചതുപോലെ ഉള്ളവരും ഇല്ലാത്തവരും എന്ന വ്യത്യാസമേ ഇവിടെയുള്ളൂ.

ജന്മത്തെ ആധാരമാക്കിയുള്ള വിവേചനമാണ് ജാതിവിവേചനം. മാറ്റാനോ ഉപേക്ഷിക്കാനോ പഴുതില്ലാത്ത ജന്മഗുണമാണ് ജാതി. ധർമത്തിന്റെ അവിഭാജ്യഘടകമാണത്. ജാതിലംഘനം ധർമലംഘനമാണ്. ഈയർഥത്തിലുള്ള ജാതീയത ഇസ്‌ലാമിൽ അചിന്ത്യമാണ്. മുസ്‌ലിംകളിൽ കാണപ്പെടുന്ന വിഭാഗീയതകളൊന്നും ഈയർഥത്തിലുള്ളതല്ലതാനും. ഏതെങ്കിലും വിഭാഗം തങ്ങളെ മറ്റുള്ളവരെക്കാൾ ജാത്യാ ഉയർന്നവരോ താഴ്ന്നവരോ ആയി കാണുന്നുവെങ്കിൽ അത് മഹത്തായ ഇസ്‌ലാമികാധ്യാപനങ്ങളുടെ നിഷേധമാണ്.

മുസ്‌ലിംകൾ ലോകത്തിനുമുമ്പിൽ അഭിമാനപൂർവം ഉയർത്തിപ്പിടിക്കുന്ന സ്വത്വഗുണമാണ് ഉദാത്തമായ സമഭാവനയും ജാതിവിരുദ്ധതയും. ഇതര മതങ്ങളിൽ നിന്നുള്ള സഹോദരന്മാരെ ഈ ദീനിലേക്കാകർഷിക്കുന്ന മുഖ്യഘടകങ്ങളിലൊന്നാണത്. ഇസ്‌ലാമിലും ജാതിവിവേചനമുണ്ടെന്ന് സ്ഥാപിക്കാൻ തൽപര കക്ഷികൾ ബദ്ധപ്പെടുന്നത് അതുകൊണ്ടാണ്. ഈ സാഹചര്യത്തിലാണ് തങ്ങൾക്കിടയിൽ ജാതീയതയുണ്ടെന്ന് സ്ഥാപിച്ചുകിട്ടാൻ മുസ്‌ലിംകൾ തന്നെ കോടതി കയറുന്നത്. ഇത് മറ്റുള്ളവർക്കു നൽകുന്ന സന്ദേശമെന്തായിരിക്കുമെന്ന് ഉത്തരവാദപ്പെട്ടവർ ഗൗരവബുദ്ധ്യാ ആലോചിക്കേണ്ടതാണ്. ■